(സി) പണികൾ നിർത്തിവച്ചുകൊണ്ട് പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർ സംസ്ഥാനത്ത് സമരം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സമരത്തിന് ഉപോൽബലകമായി അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വിഭാഗം കരാറുകാർക്ക് കുടിശ്ശികയിനത്തിൽ എന്തു തുക 31.5.99 വരെ നൽകേണ്ടതായിട്ടുണ്ടെന്നും, ഇത് കൊടുത്തുതീർക്കാൻ നടപ്പു വർഷത്തെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) സമരം അടിയന്തിരമായി ഒത്തുതീർപ്പിലെത്തിച്ച് തകർന്ന റോഡുകളുടെ പണികൾ സമയബന്ധിതമായി തീർക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അറ്റകുറ്റപ്പണികൾ മിക്കവാറും പൂർത്തിയാക്കിയിരുന്നു. ഏപ്രിൽ മാസത്തിൽ തന്നെ മഴ ആരംഭിച്ചതുകൊണ്ട് ചില പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിവർഷത്തെത്തുടർന്ന് ചില റോഡുകൾ മോശമായതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്.

(ബി) ദേശീയപാതാവിഭാഗത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽനിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് എല്ലാ വർഷവും നടത്തിവരുന്നുണ്ട്. ഇതിന് ആവശ്യമുള്ള ഇനം തിരിച്ചുള്ള വിവരവും റോഡിന്റെ നീളം തുടങ്ങിയ വിവരങ്ങളും കാലാകാലങ്ങളിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് നൽകുന്നുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന തുക റോഡുകളുടെ നീളം കണക്കിലെടുത്ത് ആനുപാതികമായി ഓരോ ഡിവിഷനും നൽകുന്നുണ്ട്. അതനുസരിച്ച് പണികളുടെ മുൻഗണനാക്രമം നോക്കി കഴിയുന്നിടത്തോളം പണികൾ നടത്തിവരുന്നുണ്ട്.

(സി)&(ഡി) ആരംഭിച്ച സമരം പിൻവലിച്ചിട്ടുണ്ട്. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക നൽകണമെന്നാണ് പ്രധാന ആവശ്യം.

(ഇ) ദേശീയപാതാ വിഭാഗത്തിൽ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ 31.5.99 വരെ 516.79 ലക്ഷം രൂപ കൊടുത്തുതീർക്കുവാനുണ്ട്. നടപ്പു സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ മുനിസിപ്പൽ ലിമിറ്റിൽ 126.50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 31.3.99-ലെ കണക്കനുസരിച്ച് പദ്ധതിയിനത്തിൽ 183.88 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 297.94 കോടി രൂപയും നൽകാനുണ്ട്. (ത്രൈമാസികമായിട്ടാണ് കണക്കുകൾ എടുക്കാറുള്ളത് എന്നതിനാൽ 31.5.99-ലെ കണക്ക് എടുത്തിട്ടില്ല.)

(എഫ്) സമരം ഒത്തുതീർപ്പായിട്ടുണ്ട്. കഴിയുന്നതും പണികൾ പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു.

78 (222) പി.ഡബ്ല്യൂ.ഡി. പുതുതായി ഏറ്റെടുത്ത റോഡുകൾ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയതും പഞ്ചായത്തീരാജ് നിയമം പാസ്സായതോടെ പൊതുമരാമത്തുവകുപ്പിന് ഉടമസ്ഥാവകാശം ഇല്ലാത്തതുമായ മറ്റ് ജില്ലാതല റോഡുകൾ, വില്ലേജ് റോഡുകൾ എന്നീ വിഭാഗത്തിൽപ്പെട്ട എത്ര റോഡുകളുടെ പ്രവൃത്തി 1.6.1996-നുശേഷം ടെണ്ടർ വിളിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 1.6.96-നുശേഷം എത്ര റോഡുകൾ പുതുതായി പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തുവെന്നും ഈ റോഡുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചുവരുന്നു.

79 (223) പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത വില്ലേജ് റോഡുകൾ

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയ വില്ലേജ് റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുകയുണ്ടായോ;

(ബി) ഇത്തരത്തിലുള്ള എത്ര റോഡുകൾക്ക് ഭരണാനുമതി നൽകി;

(സി) എത്ര വർക്കുകൾ ടെണ്ടർ ചെയ്തു;

(ഡി) അവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)(സി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

80 (224) പി.ഡബ്ല്യൂ.ഡി. വിട്ടുകൊടുത്ത റോഡുകൾ

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തീരാജ് നിയമം അനുസരിച്ചും നഗരപാലിക നിയമം അനുസരിച്ചും പി.ഡബ്ല്യൂ.ഡി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള റോഡുകളാണ് വിട്ടുകൊടുത്തിട്ടുള്ളത്;

(ബി) പ്രസ്തുത റോഡുകളുടെ മെയിന്റനൻസ് ഉൾപ്പെടെയുള്ള പണികൾ നടത്തേണ്ട ചുമതല ആർക്കാണ്;

(സി) ഈ വിവരം പ്രസ്തുത സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്?

ഉത്തരം

(എ) വില്ലേജ് റോഡ് വിഭാഗത്തിൻകീഴിൽ വരുന്ന റോഡുകളാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ളത്. പണി നടന്നുവരുന്ന വില്ലേജ് റോഡുകൾ പണി പൂർത്തിയാക്കിയതിനുശേഷം വിട്ടുകൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly